# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE:10.10.2025**

### പ്രധാനവാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്രമോദിയും മുഖ്യമന്ത്രി പിണറായി വിജയനും ഇന്ന് ന്യുഡൽഹിയിൽ കൂടിക്കാഴ്ച നടത്തി; മുണ്ടക്കൈ-ചൂരൽമല പുനരധിവാസം ഉൾപ്പെടയുള്ള വിഷയങ്ങളിൽ കേന്ദ്രത്തിന്റെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി.

RNUTVPM

2.) സംസ്ഥാനത്ത് വിലക്കയറ്റം തടയാൻ വേണ്ട നടപടികൾ സർക്കാർ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്നു മന്ത്രി കെ എൻ ബാലഗോപാൽ.

3.) ജനങ്ങളുടെ വൈകാരികവും മാനസികവുമായ ക്ഷേമത്തിന് മുൻഗണന നൽകണമെന്ന് ലോക മാനസികാരോഗ്യ ദിനത്തിൽ കേന്ദ്ര മന്ത്രി ജെ പി നഡ്ഡ.

4.) എട്ടാമത് രാഷ്ട്രീയ പോഷൻ മാസാചരണത്തോട് അനുബന്ധിച്ചുള്ള സംസ്ഥാനതല പരിപാടി കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ കോഴിക്കോട് ഉദ്ഘാടനം ചെയ്തു.

5.) രാജ്യത്തെ ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിൽ പോസ്റ്റൽ വിഭാഗം നടത്തുന്ന സേവനങ്ങൾ ഓർമിച്ച് ഇന്ന് ദേശീയ പോസ്റ്റൽ ദിനം.

6.) ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാനത്തെ മത്സരം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

****************************************************************

## മുഖ്യമന്ത്രി -പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ന്യുഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. മുണ്ടകൈ-ചൂരൽമല പുനരധിവാസം, കേരളത്തിന് കൂടുതൽ സാമ്പത്തിക സഹായം, കടമെടുപ്പ് നിയന്ത്രണങ്ങളുടെ ലഘൂകരണം തുടങ്ങിയ വിഷയങ്ങളിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനുമായി ഇന്നലെ നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിൻ്റെ ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടവും മുഖ്യമന്ത്രി കേന്ദ്ര ധനമന്ത്രിക്ക് സമർപ്പിച്ചിരുന്നു.

PNU TVPM

****************************************************************

## വിഷൻ 2031

വിലക്കയറ്റം തടയാൻ വേണ്ട നടപടികൾ സർക്കാർ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്നു മന്ത്രി കെ എൻ ബാലഗോപാൽ. സംസ്ഥാനം കടക്കെണിയിലാണെന്ന പ്രചാരണം അടിസ്ഥാന രഹിതമാണെന്നും സി & എ ജി യുടെ റിപ്പോർട്ടുകൾ ഇതിനു തെളിവാണെന്നും മന്ത്രി പറഞ്ഞു.ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ വിഷൻ 2031 സെമിനാർ തിരുവനന്തപുരത്തു ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രി ജി ആർ അനിൽ ചടങ്ങിൽ പങ്കെടുത്തു .2031-ൽ കേരള സംസ്ഥാനം സ്ഥാപിതമായിട്ട്

75 വർഷം പൂർത്തിയാകുന്നതിന്റെ പശ്ചാത്തലത്തിൽ, ഭാവിക്കുവേണ്ടിയുള്ള വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുകയാണ് ഈ സെമിനാറുകളിലൂടെ ലക്ഷ്യമിടുന്നത്.

***************************************************************

## പോഷൻ മാ- ജോർജ് കുര്യൻ

എട്ടാമത് രാഷ്ട്രീയ പോഷൻ മാസാചരണത്തോട് അനുബന്ധിച്ചുള്ള സംസ്ഥാനതല പരിപാടി കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കോഴിക്കോട് ഉദ്ഘാടനം ചെയ്തു. ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെ ജനങ്ങളുടെ ആരോഗ്യം സർക്കാറിൻ്റെ ഉത്തരവാദിത്തമാണെന്ന് കേന്ദ്രസഹമന്ത്രി പറഞ്ഞു.

***************************************************************

## മാനസികാരോഗ്യ ദിനം (ഇൻട്രോ)

ഇന്ന് ലോക മാനസികാരോഗ്യ ദിനം. മാനസികാരോഗ്യ വെല്ലുവിളികളും, പരിഹാരമാർഗങ്ങളും സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. "സേവനങ്ങളുടെ ലഭ്യത - ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും മാനസികാരോഗ്യം" എന്നതാണ് ഈ വർഷത്തെ പ്രമേയം. മാനസികാരോഗ്യം ആവശ്യമല്ല മറിച്ച് അവകാശമാണെന്നും അതിനുള്ള പിന്തുണ നൽകാൻ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്നും തിരുവനന്തപുരം മെഡിക്കൽകോളേജ് സൈക്യാട്രി വിഭാഗം മേധാവി **ഡോ.കൃഷ്ണൻ എസ് ആകാശവാണി വാർത്തകളോട് പറഞ്ഞു.**

**(ഹോൾഡ്)**

RNU TVPM

## ജെ പി നഡ്ഡ - ലോക മാനസിക ആരോഗ്യ ദിനം

വൈകാരികവും മാനസികവുമായ ക്ഷേമത്തിന് മുൻഗണന നൽകാൻ മാനസിക ആരോഗ്യ ദിനം ജനങ്ങളെ ഓർമ്മിപ്പിക്കുന്നുവെന്ന് കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ. മാനസികാരോഗ്യ സേവനങ്ങൾ, പരിചരണം, സമയബന്ധിതമായ സഹായം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ലോക മാനസിക ആരോഗ്യ ദിന സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു.

## ദേശീയ പോസ്റ്റൽ ദിനം (ഇൻട്രോ)

RNUTVPM

ഇന്ന് ദേശീയ പോസ്റ്റൽ ദിനം. ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിൽ പോസ്റ്റൽ വിഭാഗം നടത്തുന്ന സേവനങ്ങൾ ഓർമിക്കാനാണ് ഈ ദിനം ആചരിക്കുന്നത്. 1884 ലെ ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച ഇന്ത്യ പോസ്റ്റ് എക്കാലവും രാജ്യത്തിന്റെ ആവശ്യങ്ങൾക്കൊപ്പം നിന്നിരുന്നു. 170 വർഷം പിന്നിടുമ്പോഴും സമൂഹത്തോടുള്ള ഉത്തരവാദിത്വവും ജനങ്ങളോടുള്ള പ്രതിബദ്ധതയും ഇന്ത്യയുടെ പോസ്റ്റൽ വിഭാഗം മികച്ച രീതിയിൽ നിറവേറ്റുകയാണ്. നൂതനത്വവും ആധുനികവത്കരണവും പ്രോത്സാഹിപ്പിക്കുന്നതിൽ പോസ്റ്റൽ വകുപ്പിന്റെ പങ്ക് ഉയർത്തിക്കാട്ടാനാണ് ഈ ദിനം ആചരിക്കുന്നതെന്ന് തിരുവനന്തപുരം നോർത്ത് ഡിവിഷൻ പോസ്റ്റ് ഓഫീസ് സീനിയർ സൂപ്രണ്ട് **രാഹുൽ ആർ ആകാശവാണി വാർത്തകളോട് പറഞ്ഞു.**

(വോയിസ്)

## ബിഹാർ - തിരഞ്ഞെടുപ്പ്

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. 243 അംഗ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് രണ്ട് ഘട്ടങ്ങളിലായാണ് നടക്കുക. നവംബർ 6 ന് 121 സീറ്റുകളിലേക്കുള്ള ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 17 ആണ്. നവംബർ 11 നാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്.

************************************************************

## വി.ഡി.സതീശൻ

ശബരിമല സ്വർണപാളി വിഷയത്തിൽ അന്വേഷണം നടത്തി കോടതിയ്ക്ക് തന്നെ റിപ്പോർട്ട് സമർപ്പിക്കണമെന്ന് പ്രത്യേക അന്വേഷണ സംഘത്തോട് നിർദ്ദേശിച്ച ഹൈക്കോടതിയുടെ നടപടി ആശ്വാസകരമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ഇതിൽ പങ്കാളികളായ എല്ലാവരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

************************************************************

## ഇടുക്കി- നീലക്കുറിഞ്ഞി (ഇൻട്രോ)

ഇടുക്കിയിൽ വീണ്ടും നീലക്കുറിഞ്ഞി വസന്തം. ഇത് മൂന്നാറിലെ വിനോദ സഞ്ചാര മേഖലയ്ക്ക് ഉണർവ്വാകും. ഒരിക്കൽ പൂവിട്ടാൽ 12 വർഷത്തിന് ശഷമേ ആ പ്രദേശത്ത് വീണ്ടും നീലക്കുറിഞ്ഞി വിരിയുകയുള്ളൂ.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......

************************************************************

## മഴ- കേരളം

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

***********************************************************************

## സംസ്ഥാന സ്കൂൾ കായികമേള (ഇൻട്രോ)

67-ാമത് സംസ്ഥാന സ്കൂൾ കായിക മേള ഈ മാസം 21 മുതൽ 28 വരെ തിരുവനന്തപുരത്ത് വിവിധ സ്റ്റേഡിയങ്ങളിലായി നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി....**

(വോയിസ്)

RNU TVPM

***********************************************************************

## ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും മത്സരം ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരെഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 117 റൺസ് നേടി. ആദ്യ ടെസ്റ്റിലെ നിർണായക വിജയത്തിന് ശേഷം, ശുഭ്മാൻ ഗിൽ നയിക്കുന്ന ടീംഇന്ത്യ മറ്റൊരു മികച്ച വിജയത്തിനായാണ് ശ്രമിക്കുന്നത്.

***********************************************************************

## ബ്ലൈൻഡ് ഫുട്ബോൾ

കൊച്ചിയിലെ കാക്കനാട് നടക്കുന്ന ഐ.ബി.എസ്.ഇ വനിതാ ബ്ലൈൻഡ് ഫുട്ബോൾ ലോക ചാമ്പ്യൻഷിപ്പിന്റെ ആദ്യ സെമിയിൽ ജപ്പാനും ഇംഗ്ലണ്ടും ഏറ്റുമുട്ടും. ഇന്ന് വൈകിട്ട് 4.30 നാണ് മത്സരം. രാത്രി 7.30 ന് രണ്ടാം സെമിയിൽ ബ്രസീലും അർജന്റീനയും ഏറ്റുമുട്ടും. നാളെയാണ് ഫൈനൽ.

*****************************************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 215 പോയിന്റ് നേട്ടത്തിൽ 82,396 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 65 പോയിന്റ് ഉയർന്നു 25,249 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു. സ്വർണം ഗ്രാമിന് 170 രൂപ കുറഞ്ഞു 11,210 രൂപയും പവന് 1,360 രൂപ കുറഞ്ഞ് 89,680 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*****************************************************************

## കണ്ണൂർ തളിപ്പറമ്പ് -യോഗം ചേരും

കണ്ണൂർ തളിപ്പറമ്പ് നഗരത്തിലെ തീപ്പിടിത്തം സംബന്ധിച്ച് പോലീസ്, ഫോറൻസിക്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർഫോഴ്സ് തുടങ്ങിയ വിവിധ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി. ഉച്ചക്ക് രണ്ടുമണിക്ക് എം വി ഗോവിന്ദൻ എംഎൽഎയുടെ അധ്യക്ഷതയിൽ താലൂക്ക് കോൺഫറൻസ് ഹാളിൽ വിവിധ വകുപ്പുകളുടെ യോഗം ചേരും.

*****************************************************************

## കണ്ണൂർ തളിപ്പറമ്പ്

തളിപ്പറമ്പ് തീപിടുത്തത്തിൽ സർക്കാർ അടിയന്തര സഹായം ഉറപ്പാക്കണമെന്ന് കെ പി സി സി പ്രസിഡണ്ട് സണ്ണി ജോസഫ്. കൃത്യമായ നഷ്ടപരിഹാരം ഉറപ്പാക്കാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു. ഫയർ ഫോഴ്സ് ഉൾപ്പടെയുള്ള സംവിധാനങ്ങൾക്ക് വീഴ്ച ഉണ്ടായെന്നും പെട്ടന്ന് തീ അണയ്ക്കാൻ സാധിക്കാതിരുന്നത് സംവിധാനങ്ങളുടെ അപര്യാപ്തതയാണെന്നും സ്ഥലം സന്ദർശിച്ചതിനുശേഷം അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

****************************************************************

## എൻ.ഡി.എ യോഗം

എൻ ഡി എ നേതൃയോഗം തിരുവനന്തപുരം മാരാർജി ഭവനിൽ ചേരുന്നു. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, തുഷാർ വെള്ളാപ്പള്ളി തുടങ്ങിയ നേതാക്കൾ പങ്കെടുക്കുന്നു. ദേശീയ രാഷ്ട്രീയ പാർട്ടിയായ NPP യുടെ നേതാക്കളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പുതിയ ഘടകകക്ഷിയായി ചേരുന്ന എൻപിപി നേതാക്കളെ പൊന്നാട അണിയിച്ചു സ്വീകരിച്ചു.

RNU TVPM

****************************************************************

## സുരേഷ് ഗോപി -പാലക്കാട്

യഥാർത്ഥ വികസനത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കണമെങ്കിൽ കേരളം ഒരു ഡബിൾ എൻജിൻ സർക്കാരിനെ കുറിച്ച് ആലോചിക്കണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. പാലക്കാട് നഗരസഭയിലെ വികസന സദസ്സും, വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും

നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഒരു ഡബിൾ എൻജിൻ ഭരണ സംവിധാനത്തിന്റെ നേട്ടങ്ങളാണ് പാലക്കാട് നഗരസഭയിലെ വ്യത്യസ്തങ്ങളായ വികസന

പദ്ധതികളെന്നും അദ്ദേഹം പറഞ്ഞു.

*****************************************************************

## ശിവരാജ് സിങ്ങ് ചൗഹാൻ

പ്രധാനമന്ത്രി ധൻ-ധാന്യ യോജനയും പയർവർഗ്ഗ സ്വാശ്രയ ദൗത്യ മിഷനും പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം

ചെയ്യും. രാജ്യത്തെ ആത്മനിർഭർ ആക്കുന്നതിനുള്ള സംരംഭങ്ങളാണ് ഇരു പദ്ധതികളുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ഉൽപ്പാദനക്ഷമത കുറഞ്ഞ 100 ജില്ലകളെ കണ്ടെത്തി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്നും കേന്ദ്ര കൃഷി മന്ത്രി വ്യക്തമാക്കി.

RNU TVPM

*****************************************************************

*****************************************************************